(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1917 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം ജില്ല,

തീയതി.07.11.2016

ഫോൺ

നം.04712331231 E.Mail.lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇടവ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഇടവ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-4 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം),
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1917/16 തീയതി 07.11.2016

<u>തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)
തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 15-07-16മുതൽ 17.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.09.2016 മുതൽ 30.09.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ജി.സാബു ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.എം.എൽ.ലേഖ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.എസ് .സുജേഷ് സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.ബാലിക്<br>ശ്രീമതി സുനിത എസ്. ബാബു | 01.04.2015മുതൽ31.10.2015 വരെ<br>1.11.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | ശ്രീമതി സുരഭി<br>ശ്രീ. ഷാജി. എൻ. (ഇൻ ചാർജ്ജ് )<br>ശ്രീമതി എസ് ഉഷ<br>ശ്രീ. ഷാജി എൻ. (ഇൻ ചാർജ്ജ്)<br>ശ്രീ.എസ്.ബാബു | 1.4.2015 മുതൽ 30.4.2015 വരെ<br>1.5.2015 മുതൽ 22.6.2015 വരെ<br>23.6.2015 മുതൽ 1.7.2015 വരെ<br>2.7.2015 മുതൽ 28.7.2015 വരെ<br>29.7.2015 മുതൽ 31.3.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. എൻ. ഷാജി<br>ശ്രീമതി എസ്. ജസി | 1.4.2015 മുതൽ 18.8.2015 വരെ<br>20.8.2015 മുതൽ 31.3.2015 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ. | ശ്രീമതി ഡി. ആർ. ദീപ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. | ശ്രീ. എസ് ഷാനവാസ് | 1.4.2015 മുതൽ 31.3.2016 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.റ്റി.കൃഷ്ണകുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| വെറ്റിനറി സർജൻ | ഡോ. സക്കറിയ സെബാസ്റ്റ്യൻ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | ഡോ. ഷാഹിം. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം | ഡോ. ബിന്ദു. | 1.4.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ലാലി. ഐ. എസ്. | 1.4.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജയറാം | 1.4.2015 മുതൽ 31.3.2016 വരെ |
| ഫിഷറീസ് ഓഫീസർ | ശ്രീമതി തസ്ലീമ | 1.4.2015 മുതൽ 31.3.2016 വരെ |
| | | |

ഉള്ളടക്കം



| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | ഭാഗം 1 | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | പരസ്യ നികുതിയിനത്തിൽ വരവില്ല | 2.1 | |
| 13 | മൊബൈൽ ടവറുകൾ- വസ്തു നികുതി ഈടാക്കുന്നില്ല | 2-2 | |

| | | | |
|---|---|---|---|
| | ഭാഗം 3 | | |
| 14 | പത്താംതരം തുല്യതാ പരീക്ഷ- രേഖകൾ ഹാജരാക്കേണ്ടതാണ് | 3-1 | |
| 15 | കക്കൂസ് നിർമ്മാണം- തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല | 3-2 | |
| 16 | മരുന്ന് വാങ്ങൽ- ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 3-3 | |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് യഥാസമയം ലഭ്യമായില്ല. 150000 തടസ്സപ്പെടുത്തുന്നു | 3-4 | |
| 18 | ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- കരാർ കാലാവധിക്കുള്ളിൽ മരുന്ന് ലഭ്യമാക്കുന്നില്ല. | 3-5 | |
| 19 | രേഖകൾ യഥാവിധി സൂക്ഷിക്കുന്നില്ല | 3-6 | |
| 20 | നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമച്ചില്ല | 3-7 | |
| 21 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല- പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് | 3-8 | |
| 22 | മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ | 3-9 | |
| 23 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-10 | |
| 24 | കുടിവെള്ള പദ്ധതി-അവലോകനം | 3-11 | |
| 25 | അങ്കണവാടികൾ - അടിസ്ഥാന സൗകര്യവികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. | 3-12 | |
| | ഭാഗം 4 | | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(ഉണ്ടെങ്കിൽ) | 4.1 | |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(ഉണ്ടെങ്കിൽ) | 4.3 | |
| 29 | വായ്പ വായ്പ തിരിച്ചടവ് | 4.4 | |

| | | | |
|---|---|---|---|
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 31 | ഓഡിറ്റ് റിക്കവറി | 4.6 | |
| 32 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4.7 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 24.03.2015 തിയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 126407292 രൂപയും പ്രതീക്ഷിത ചെലവ് 122611500 രൂപയും പ്രതീക്ഷിത നീക്കിയിരിപ്പ് 3795782 രൂപയുമാണ്. ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-16 | 31-07-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-09-16 മുതൽ 23-09-16 വരെ | - |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 12027318

വരവ് - 34752141

ആകെ - 46779459

ചെലവ് - 41196420

നീക്കിയിരിപ്പ് - 5583039

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1852115<br>(T.C) | 3498483<br>(3738622) | 5350598<br>9089220 | 9089220 | 0 | |
| വികസനഫണ്ട് എസ്.സി.പി. | 1373001 | 4389699 | 5762700 | 4589699<br>(1173001) | | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1315147 | 3050312 | 4365459 | 4365459 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 466005 | 2621512 | 3087517 | 3087517 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1474222 | 5409245<br>(1904393+<br>3504852) | 6883467 | 4653194 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2820 | 618935<br>(14724995) | 621755<br>(14724999) | 619773<br>(14724995) | | |
| ബി ഫണ്ട് | | 1139848<br>(33603000) | 1139848<br>(33603000) | 1139848<br>(33603000) | 0 | 0 |
| മറ്റ് വരവുകൾ<br>KLSGDP | 335348 | 285495 | 620483 | 285495 | | |
| TSP | 227808 | 617475 | 845283 | 607900 | 237383 | |
| VPFA 1 | 2488781 | 0 | 2488781<br>(TC) | 1654088<br>(834693) | 0 | |
| STSB | 0 | 8245450<br>(834693) | 8245450<br>(834693) | 51863123 | 3917020 | |
| തനത് ഫണ്ട് | 2153234 | 4171950 | 6325184 | 5205336 | 1119848 | |
| E Fund | 191193 | 251176 | 442369 | 251176 | 191193 | |

| | | | | | | |
|---|---|---|---|---|---|---|
| Yuva | | 440000 | 440000 | 440000 | 0 | |
| പോസ്റ്റ് ഓഫീസ് | 8608 | 12561 | 21169 | 21169 | 0 | |
| ക്യാഷ് | 139036 | 0 | 139036 | 234423 | 115613 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 111 | 36997442 | 90 | 28949467 | 5 | 16 | 81 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം...................ശതമാനം കുറവ്/വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ<br>തൊഴിൽ നികുതി | 1092621 | 1115462 | 22841 | +2.09 |
| കെട്ടിട നികുതി | 2091401 | 1884035 | 207366 | -9.91 |
| പരസ്യ നികുതി | 0 | 0 | 0 | |
| നികുതിയേതര വരവുകൾ<br>ലേലം | 92610 | 78481 | 14129 | -15.25 |
| ഷോപ്പിംഗ് കോംപ്ലക്സ് | 32580 | 31075 | 1505 | -4.62 |
| മറ്റ് വരവുകൾ | 521815 | 396105 | 125710 | -24.1 |
| ഡി ആന്റ് ഓ ലൈസൻസ് | 27400 | 41550 | 14150 | +51 |
| ആകെ | 3858429 | 3546708 | 311719 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 411600 | 462 |
| കർഷകതൊഴിലാളി പെൻഷൻ | 424200 | 54 |
| വിധവാപെൻഷൻ | 13372000 | 1256 |
| വാർദ്ധക്യകാലപെൻഷൻ | 16559400 | 1947 |
| വികലാംഗപെൻഷൻ | 3101000 | 303 |
| വിധവകളുടെപെൺമക്കൾക്കുള്ള ധനസഹായം | 710000 | 24 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 146400 | 15 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ 19-09-16 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 3717രൂപ (മൂവായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

## 1.10.1 പഞ്ചായത്ത് കമ്മിറ്റി മിനിട്സ് പരിപാലനത്തിലെ വീഴ്ച

1995 ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(6) പ്രകാരം പഞ്ചായത്ത് യോഗത്തിൽ പാസ്സാക്കിയ എല്ലാ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ പഞ്ചായത്ത് അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. കൂടാതെ പ്രസ്തുത ചട്ടത്തിലെ ചട്ടം 10 പ്രകാരം അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻതന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതാണ്. ഇടവ ഗ്രാമപഞ്ചായത്തിന്റെ 01-04-16 മുതൽ ഓഡിറ്റ് തീയതി വരെയുള്ള (19-09-16) ജനറൽ കമ്മിറ്റി മിനിട്സ് ബുക്കുകൾ പരിശോധന നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) 24-05-16 ൽ യോഗം ചേർന്ന കമ്മിറ്റിയുടെ III (3) നമ്പർ തീരുമാനം എഴുതി ചേർക്കാനായി സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. പ്രസ്തുത കമ്മിറ്റി മിനിട്സ് പ്രസിഡന്റ് ഒപ്പ് രേഖപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല.

ബി) 23-08-16, 29-08-16 എന്നീ തീയതികളിൽ ചേർന്ന കമ്മിറ്റി യോഗങ്ങളുടെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല

സി) 15-06-16 ലെ യോഗതീരുമാനങ്ങൾ ഭാഗികമായി എഴുതിയ ശേഷം മിനിട്സ് ബുക്കിലെ 200 മുതൽ 211 വരെയുള്ള പേജുകൾ രേഖപ്പെടുത്തലുകളൊന്നും വരുത്താതെ ഒഴിച്ചിട്ട ശേഷം 28-06-16 ലെ മിനിട്സ് ആമുഖം, പങ്കെടുത്ത അംഗങ്ങൾ എന്നീ രേഖപ്പെടുത്തലുകളില്ലാതെ എഴുതി തുടങ്ങിയിരിക്കുന്നു.

ഡി) 29-06-16 ലെ തീരുമാനം I (2) എഴുതി ചേർക്കാനായി സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു.

ഇ) 25-07-16 ലെ തീരുമാനം I (4) എഴുതി ചേർക്കാനായി സ്ഥലം ഒഴിച്ചിട്ടിരിക്കുന്നു. പ്രസ്തുത കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.

എഫ്) മിനിട്സ് ബുക്ക് നമ്പർ 9 ൽ 24-07-15 ന് ശേഷം (പേജ് നമ്പർ 76 മുതൽ 300 വരെ) മതിയായ കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്ത് പുതിയ മിനിട്സ് ബുക്ക് ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു

ജി) മിനിട്സ് ബുക്ക് 10 ൽ 30-10-15 ന് ശേഷം പേജ് നമ്പർ 112 മുതൽ 300 വരെ മതിയായ കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്ത് പുതിയ മിനിട്സ് ബുക്ക് ഉപയോഗിച്ച് തുടങ്ങിയിരിക്കുന്നു

പ്രസ്തുത അപാകതയിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/19-09-16) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയില്ല. എൻക്വയറിയുടെ അടിസ്ഥാനത്തിൽ നിലവിലെ മിനിട്സ് ബുക്ക് ഭാഗികമായി എഴുതി പൂർത്തിയാക്കി നൽകി. മിനിട്സ് ബുക്ക് പരിപാലനത്തിലെ സമാനമായ അപാകതകൾ 2013-14 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ (കെ.എസ്.എ.റ്റി.വി.എം-ജി.പി/7/1097/2015 തീയതി- 19-10-15) ഖണ്ഡിക 1-10 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്.

## 1.10.2 പഞ്ചായത്ത് ലൈബ്രറിയിൽ പുസ്തകങ്ങൾ പരിപാലിക്കുന്നില്ല

2015-16 വർഷ ഓഡിറ്റിന്റെ ഭാഗമായി 30-09-16 ൽ നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ ലൈബ്രറി പ്രവർത്തിക്കുന്ന സ്ഥലത്ത് വിലയേറിയ പുസ്തകങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും അലക്ഷ്യമായി നിലത്ത് കൂട്ടിയിട്ടിരിക്കുന്നതായി കണ്ടെത്തി. മതിയായ സംരക്ഷണത്തിന്റെ

അഭാവത്തിൽ കറച്ച് പുസ്തകങ്ങൾ ഉപയോഗശൂന്യമായിത്തീർന്ന അവസ്ഥയിലാണ്. ലൈബ്രേറിയന്റെ സേവനം ലഭ്യമാണെങ്കിലും പുസ്തകങ്ങളുടെ സംരക്ഷണവും വിതരണവും തൃപ്തികരമല്ല.

പഞ്ചായത്ത് ലൈബ്രറിയിൽ പുസ്തകങ്ങൾ അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07-09-16 മുതൽ<br>09-09-16 വരെ | 08/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയില്ല | | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പരസ്യ നികുതിയിനത്തിൽ വരവില്ല

2015-16 സാമ്പത്തിക വർഷത്തിൽ പരസ്യ നികുതിയിനത്തിൽ ഇടവ ഗ്രാമപഞ്ചായത്തിൽ വരവൊന്നും തന്നെ ലഭിച്ചിട്ടില്ല. വർക്കല മുനിസിപ്പാലിറ്റിയോട് ചേർന്ന ഗ്രാമപഞ്ചായത്തിൽ നിരവധി വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. അവയുടെ നിരവധി പരസ്യങ്ങൾ പ്രധാന റോഡിനിരുവശത്തുമുള്ള പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുമുണ്ട്. എന്നാൽ ഈയിനത്തിൽ പരസ്യ നികുതി ഈടാക്കാനുള്ള ശ്രമങ്ങളൊന്നും നാളിതുവരെ പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 2-2 മൊബൈൽ ടവറുകൾ - വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ(എം.എസ്) നം 113/2009/lsgd dated 02-01-09 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് വസ്തു നികുതി ഈടാക്കേണ്ടതാണ്. 2015-16 കാലയളവിൽ ഗ്രാമപഞ്ചായത്തിൽ 14 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയിൽനിന്നും വസ്തു നികുതി ഈടാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/30.9.2016) നൽകിയ മറുപടിയിൽ 8 ടവറുകളിൽ നിന്നും നികുതി നിർണ്ണയിച്ച് ഈടാക്കാൻ നോട്ടീസ് നൽകിയെന്നും ബാക്കി 6 ടവറുകൾക്ക് നികുതി നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും സെക്രട്ടറി മറുപടി നൽകി. ടവറുകളിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പത്താംതരം തുല്യതാ പരീക്ഷ- രേഖകൾ ഹാജരാക്കേണ്ടതാണ്

പ്രോജക്ട് നമ്പർ - എസ് 0026/16( പത്താംതരം തുല്യതാ പരീക്ഷ)

അടങ്കൽ തുക - 30000/-

ചെലവ് തുക - 21000/- (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

ബിൽ നമ്പർ, തീയതി - 09/15-16, 31-03-16

പത്താംതരം തുല്യതാ പരീക്ഷയ്ക്കായി 14 കുട്ടികളുടെ ഫീസിനത്തിൽ (14@1500) 21000 രൂപ പിൻവലിച്ച് ജില്ലാ സാക്ഷരതാ മിഷനിൽ (തിരുവനന്തപുരം) ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പരീക്ഷ 2016 ഒക്ടോബറിൽ നടത്തുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് പരീക്ഷാ ഫീസിനത്തിൽ അടയ്ക്കുന്ന തുകയുടെ കാലാവധി മൂന്ന് വർഷമായതിനാൽ ഫീസടച്ച് പരീക്ഷയ്ക്ക് ഹാജരാകാത്തതോ പരാജയപ്പെട്ടതോ ആയ പഠിതാക്കൾക്ക് വരും വർഷങ്ങളിൽ വീണ്ടും ഫീസിനത്തിൽ തുക അടച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്കും ചെലവ് തുകയുടെ വിനിയോഗം പരിശോധിക്കുന്നതിനുമായി പരീക്ഷയ്ക്ക് ഹാജരായി വിജയിച്ച കുട്ടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 കക്കൂസ് നിർമ്മാണം- തുക കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ - എസ് 0099/16 (കക്കൂസ് നിർമ്മാണത്തിന് ധനസഹായം)- എസ്.സി.പി

അടങ്കൽ - 204000

ചെലവ് - 204000 (കേന്ദ്ര വിഹിതം 153000 + 51000 സംസ്ഥാനാവിഷ്കൃതം)

നിർവ്വഹണം - അസി.സെക്രട്ടറി

സമ്പൂർണ്ണ ശുചിത്വ മിഷൻ വഴി പഞ്ചായത്തിൽ നടപ്പിലാക്കുന്ന കക്കൂസ് നിർമ്മാണം പദ്ധതിക്കായി പതിനേഴ് ഗുണഭോക്താക്കൾക്ക് 12000/-രൂപ വീതം 204000രൂപ വകയിരുത്തിയിരുന്നു.പദ്ധതി പ്രകാരം ശ്രീമതി.ലക്ഷ്മി, ലക്ഷ്മി വിലാസം, പുന്നകുളം, ഇടവ എന്ന ഗുണഭോക്താവ് ആദ്യ ഗഡുവായ 6000 രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ കക്കൂസ് നിർമ്മാണം പൂർത്തിയാക്കുകയോ കൈപ്പറ്റിയ ധനസഹായം തിരികെ ഒടുക്കു വരുത്തുകയോ ചെയ്തിട്ടില്ല. പ്രസ്തുത ഗുണഭോക്താവിന് വേണ്ടി പിൻവലിച്ച ആകെ തുകയായ 12000/-രൂപയിൽ 6000/- രൂപ ഇപ്പോഴും നിർവ്വഹണോദ്യോഗസ്ഥയായ അസി.സെക്രട്ടറിയുടെ അക്കൗണ്ടിൽ അവശേഷിക്കുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നമ്പർ 13/29-09-16 ) നൽകിയ മറുപടിയിൽ ഒന്നാം ഗഡുവായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്താവിനെ കൊണ്ട് പണി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 മരുന്ന് വാങ്ങൽ- ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല.

1)പ്രോജക്ട് നമ്പർ - എസ് 0010/16 (പാലിയേറ്റീവ് കെയർ)

അടങ്കൽ തുക - 400000

ചെലവ് തുക - 379104 (വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ, തീയതി - 04/03-02-16

2) പ്രോജക്ട് നമ്പർ - എസ് 0011/16 (പി.എച്ച്.സി യ്ക്ക് മരുന്നു വാങ്ങൽ)

അടങ്കൽ തുക - 200000

ചെലവ് തുക - 200000 (മെയിന്റനൻസ് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ബിൽ നമ്പർ, തീയതി - 05/21-02-16

ക്രമനമ്പർ ഒന്ന് പ്രകാരമുള്ള പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷം 400000/- രൂപ വകയിരുത്തിയിരുന്നു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കും മരുന്ന് വാങ്ങുന്നതിനുമായി 379104 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മരുന്ന് വാങ്ങുന്നതിനായി 149999 രൂപ 3-02-2016 ൽ (ഡി.ഡി നമ്പർ 119409/ 03-02-16) കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 84942 രൂപയുടെ മരുന്ന് മാത്രമാണ് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും പി.എച്ച്.സി യ്ക്ക് ലഭ്യമായിട്ടുള്ളത്.

ക്രമനമ്പർ 2 പ്രകാരം പി.എച്ച്.സി യ്ക്ക് മരുന്ന് വാങ്ങൽ പദ്ധതിക്കായി 200000 രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക 21-02-2016 ൽ (ഡി.ഡി നമ്പർ 119856/ 23-02-16) പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും 139547 രൂപയുടെ മരുന്ന് മാത്രമാണ്

പി.എച്ച്.സിയ്ക്ക് ലഭ്യമായിട്ടുള്ളത്.ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 09/24-09-16) മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- മരുന്ന് യഥാസമയം ലഭ്യമായില്ല. 150000 തടസ്സപ്പെട്ടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോജക്ട് നമ്പർ 13/16, അടങ്കൽ തുക 150000) എന്ന പദ്ധതി പ്രകാരം 29-02-16 ലെ 120086 നമ്പർ ഡി.ഡി പ്രകാരം 150000 രൂപ ഹോംകോ, പാതിരപ്പള്ളി എന്ന സ്ഥാപനത്തിന് കൈമാറി. എന്നാൽ നാളിതുവരെയും സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമായില്ല. പ്രോജക്ട് ഉദ്ദേശ്യ ലക്ഷ്യം നാളിതുവരെ കൈവരിച്ചിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. തുക നൽകിയ വേളയിൽ യഥാസമയം മരുന്ന് ലഭ്യമാക്കുന്നതിനായി സ്ഥാപനവുമായി നിയമാനുസൃതമായി ഒരു കരാറിൽ ഏർപ്പെട്ടിരുന്നില്ല. മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ മരുന്ന് വാങ്ങുമ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ ഇൻവോയിസ് പ്രകാരമുള്ള മരുന്ന് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ- കരാർ കാലാവധിക്കുള്ളിൽ മരുന്ന് ലഭ്യമാക്കുന്നില്ല.

ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം (പ്രോജക്ട് നമ്പർ 14/16) പ്രകാരം 23-09-15 ൽ 350000 രൂപ ഔഷധി എന്ന സ്ഥാപനത്തിന് നൽകിയിരുന്നു. പ്രസ്തുത സ്ഥാപനവുമായി 29-09-15 ൽ ഏർപ്പെട്ട കരാർ പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ 14-10-15 മുതൽ 30-04-16 വരെയായി പതിനൊന്ന് തവണകളായാണ് ഔഷധിയിൽ നിന്നും മരുന്ന് ലഭ്യമാക്കിയത്. കരാർ കാലാവധിക്കുള്ളിൽ തന്നെ സ്ഥാപത്തിൽ നിന്നും മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

## 3-6 രേഖകൾ യഥാവിധി സൂക്ഷിക്കുന്നില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കണ്ടെത്തിയ പൊതു അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ഗുണഭോക്താക്കളുടെ അപേക്ഷ സൂക്ഷിച്ചിട്ടില്ല

ബി) റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കേണ്ടതാണെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല

സി) നിയമാനുസൃത കരാർ ചമയ്ക്കുന്നില്ല

ഡി) മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല

## 3-7 നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃത കരാർ ചമച്ചില്ല

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | - | വെൺകുളം എൽ.പി സ്കൂളിൽ വിവിധോദ്ദേശ്യ കമ്പ്യൂട്ടർ ലാബ് വൈദ്യുതീകരണവും നെറ്റ് വർക്കിംഗും(SO104/16) |
| നിർവ്വഹണം | - | സെക്രട്ടറി |
| അടങ്കൽ തുക | - | 77410 |
| ചെലവ് തുക | - | 67137 |
| ചെക്ക് നമ്പർ, തീയതി | - | 122073/ 02-04-16 |

മേൽ പ്രോജക്ടിന്റെ നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയായ കെൽട്രോണുമായി നിയമാനുസൃത കരാറിൽ സെക്രട്ടറി ഏർപ്പെടാതെയാണ് നിർവ്വഹണം നടത്തിയതും തുക അനുവദിച്ച് നൽകിയതും. നിയമാനുസൃത കരാറിന്റെ അഭാവം ഭാവിയിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കേണ്ട അവസ്ഥ സംജാതമാക്കും. മേൽ അപാകതയിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/29-09-16) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയില്ല.

## 3-8 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല-പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ്

2015-16 ൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പ്രവൃത്തികൾക്ക് 22/07/15 ൽ നടന്ന ആദ്യ ടെണ്ടറിൽ ഓരോ ടെണ്ടർ വീതമാണ് ലഭിച്ചത്. രണ്ടും ബിലോ ടെണ്ടർ നിരക്കായിരുന്നു. ടെണ്ടർ നടപടിക്രമം റദ്ദ് ചെയ്യുകയും അത് 10-08-15 ൽ റീടെണ്ടർ ചെയ്യുകയും ചെയ്തപ്പോൾ രണ്ട് പ്രവർത്തികൾക്കും എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടറുകളാണ് ലഭിച്ചത്. തുടർന്ന് അവ അംഗീകരിച്ച് നൽകുകയാണുണ്ടായത്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമനം | പ്രോജക്ട് നമ്പർ,പേര് | അടങ്കൽ തുക | ടെണ്ടർ റേറ്റ്, (കരാറുകാരൻ) | റീടെണ്ടർ റേറ്റ് | ചെലവ് തുക |
|---|---|---|---|---|---|
| 1 | 60/16<br>വടക്കേവീട് ചട്ടിയാൻ വിളാകം റോഡ് കോൺക്രീറ്റിംഗ് | 392000 | below 9.12%<br>(ശ്രീ.സനൽ കുമാർ) | എസ്റ്റിമേറ്റ് നിരക്ക്<br>(ശ്രീ.നഹാസ്) | 388073 |
| 2 | 64/16<br>പഷ്ണച്ചൂട്ടയിൽ കഴുകൻ കുന്ന് റോഡ് കോൺക്രീറ്റിംഗ് | 303000 | below 4.3%<br>(ശ്രീ.എ.നഹാസ്) | എസ്റ്റിമേറ്റ് നിരക്ക്<br>(ശ്രീ.ഗോവിന്ദ് രാജ് സെൻ) | 290403 |

മേൽ സൂചിപ്പിച്ച രണ്ട് പ്രവൃത്തികളിലും ആദ്യം ലഭിച്ച ടെണ്ടറുകളേക്കാളും ഉയർന്ന നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിച്ച് നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എ.ഇ നം 15) പൊതുമരാമത്ത് മാന്വൽ നടപടിക്രമങ്ങൾ പാലിച്ചാണ് ടെണ്ടർ അംഗീകരിച്ച് നൽകിയത് എന്നാണ് മറുപടി നൽകിയത്. എന്നാൽ കേരള പഞ്ചായത്ത് രാജ്-മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 1997 ലെ ചട്ടം 11 പ്രകാരം ടെണ്ടർ നിരക്കുകൾ സ്വീകാര്യമല്ലെന്ന് തോന്നുകയോ ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കുകയോ ചെയ്തില്ലെങ്കിൽ റീടെണ്ടർ ചെയ്യണം (ഉപചട്ടം (1) എന്നും റീടെണ്ടറിലെ നിരക്ക് സ്വീകാര്യമല്ലെങ്കിൽ പഞ്ചായത്തിന്റെ-നഗരസഭയുടെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്യാം (ഉപചട്ടം 2) എന്ന് പ്രതിപാദിച്ചിട്ടുണ്ട്. മേൽ പ്രവർത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ ഭാഗമായി കോൺട്രാക്ടർമാരുമായി പഞ്ചായത്തിന്റെ അംഗീകാരത്തോടെ നെഗോഷ്യേറ്റ് ചെയ്തിട്ടില്ല. തന്മൂലം ഗ്രാമപഞ്ചായത്തിന് അധികചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മരാമത്ത് പ്രവൃത്തികൾ - പൊതു അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ ഇടവ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണവുമായി ബന്ധപ്പെട്ട പൊതുഅപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ (എം.എസ്)നം.168/2012/തസ്വഭവ തീയതി 15.06.2012 ഖ.11.3(X) എ-യിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് ഫണ്ടും തനത് ഫണ്ടും ഉൾപ്പെടുത്തി പഞ്ചായത്തിന്റെ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3)പ്രത്യേകം മോണിട്ടറിംഗ് സമിതി യോഗം ചേരുന്നുണ്ടെങ്കിലും മിനിട്സ് തയ്യാറാക്കുകയോ റിപ്പോർട്ടുകൾ തയ്യാറാക്കുകയോ ചെയ്യുന്നില്ല.

4) 14.07.2007-ലെ സ.ഉ (സാധാ) 128/2007/തസ്വഭവ -യിലെ ഖണ്ഡിക 5.12 പ്രകാരം,

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന റോഡുകളുടെയും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കേണ്ടതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

5)16.01.2010-ലെ സ.ഉ (സാധാ) 165/2010/തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കേണ്ടതാണെങ്കിലും ആയത് സ്ഥാപിച്ചിട്ടില്ല.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2015-16 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 108 പ്രവൃത്തികൾ നടപ്പിലാക്കി. പുരയിടം കൃഷിക്ക് അനുയോജ്യമാക്കൽ, തെങ്ങിന് തടം തുറക്കൽ, ജലസംരക്ഷണത്തിനായി വരമ്പ് നിർമ്മിക്കൽ, മഴക്കുഴി/കംപോസ്റ്റ് നിർമ്മാണം തുടങ്ങിയ പ്രവർത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 2015-16 ൽ ആസ്തികൾ ഒന്നും തന്നെ സൃഷ്ടിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് കീഴിൽ 3028 പേർക്ക് തൊഴിൽകാർഡ് വിതരണം ചെയ്തിട്ടുണ്ട്. 161 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളത്. . ഒരു കുടുംബത്തിന് ശരാശരി 18.92 തൊഴിൽ ദിനം മാത്രമാണ് ലഭിച്ചത്. ഗ്രാമപഞ്ചായത്തിന് കീഴിൽ ആകെ 34 തൊഴിലാളി ഗ്രൂപ്പുകൾ ഉണ്ട്. രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് പരമാവധി തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2012-ൽ സാങ്കേതികാനുമതി ലഭിച്ച രാജീവ്ഗാന്ധി സേവാ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ 2015-16 ലും പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കായി

ഇതുവരെ 823503/- രൂപ ചെലവഴിച്ചിട്ടുണ്ട്.

## 3-11 കുടിവെള്ള പദ്ധതി-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 339 കുടിവെള്ള ടാപ്പുകൾ ഉണ്ട്. ഇതിൽ എല്ലാത്തിലും കുടിവെള്ളം ലഭ്യമാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതും ആയത് പ്രകാരം തുക
ഒടുക്ക വരുത്തേണ്ടതുമാണ്.
16.11.13 ലെ സ.ഉ (എം.എസ് ) 362/13 തസ്വഭവ.പ്രകാരം , കുടിവെള്ള പദ്ധതികൾക്കായി പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഹൗസ് കണക്ഷൻ എടുക്കുന്ന ഗുണഭോക്താക്കളിൽ സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി നൽകാവുന്നതാണ്.

## 3-12 അങ്കണവാടികൾ-അടിസ്ഥാന സൗകര്യവികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 25 അങ്കണവാടികൾ ഉണ്ട്. ഇവയിൽ 7 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. സ്വന്തമായി കെട്ടിടമുള്ള അംഗണവാടികളിലെല്ലാം കുടിവെള്ള ലഭ്യതയുണ്ട്. 6 എണ്ണം വൈദ്യുതീകരിച്ചിട്ടുണ്ട്. 7 അങ്കണവാടികൾക്ക് ചുറ്റുമതിലുണ്ട്. ഭൂരിഭാഗം അങ്കണവാടികളും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ബഡ്സ് സ്കൂളുകളൊന്നും പ്രവർത്തിക്കുന്നില്ല. 2015-16 ൽ ഒരു അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി ഭൂമി വാങ്ങിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫലപ്രദമായ നടപടികൾ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | ഇല്ല | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | | 18500000 | 10149650 | 2200000 (മുതൽ) | 7949650 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | |
| ആകെ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇല്ല | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 46779459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 41196420 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0 |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 150000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 150000 | ഡോ.ലാലി.ഐ.എസ്, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.6(ഡി)/566/2000 തീയതി.09.11.2000/ 07.02.2001 | 1 | 21 (ഇ) |
| 1999-2000 | എൽ.എഫ്.റ്റി.ഡി.6(ഡി)/26/2002തീയതി.25.09.2002 /11.12.2002 | 1 | 31 |
| 2000-2001 | എൽ.എഫ്.റ്റി.ഡി.6(ഡി)/211/ 2002 തീയതി.18-07-2014 | 1 | 27 |
| 2001-2002 | എൽ.എഫ്.റ്റി.ഡി.ജി.പി-9/146/ 2003 തീയതി.18-07-2014 | 1 | 35 |
| 2002-2003 | എൽ.എഫ്.റ്റി.ഡി.ജി.പി-9/1074/2004 | 2 | 7(2), 11(1,2,3) |

| | | | |
|---|---|---|---|
| | തീയതി.18-07-2014 | | |
| 2003-2004 | എൽ.എഫ്.റ്റി.ഡി.ജി.പി-9/1484/2004<br>തീയതി.18-07-2014 | 1 | 3.5(3) |
| 2005-2006 | എൽ.എഫ്.റ്റി.ഡി.ജി.പി-7/8508/2008<br>തീയതി.18-07-2014 | 5 | 3.4, 3.6, 3.7, 3.8, 3.9 |
| 2006-2007 | എൽ.എഫ്.റ്റി.ഡി.ജി.പി-7/8508/2008<br>തീയതി.18-07-2014 | 5 | 3.5, 3.6,3.7, 3.8, 3.9 |
| 2007-2008 | എൽ.എഫ്.റ്റി.ഡി.ജി.പി-7/934/ 2009 തീയതി.18-07-2014 | 1 | 3.3 |
| 2008-2009 | എൽ.എഫ്.റ്റി.ഡി.ജി.പി-7/1175/ 2012 തീയതി.18-07-2014 | 3 | 3.1, 3.2, 3.3 |
| 2009-2010 | എൽ.എഫ്.റ്റി.ഡി.ജി.പി-7/1176/ 2012 തീയതി.18-07-2014 | 2 | 2.2, 3.2 |
| 2010-2011<br>2011-2012 | എൽ.എഫ്.റ്റി.ഡി.ജി.പി-7/80/ 2013 തീയതി.08-01-2015 | 7 | 2.1, 3.1, 3.2, 3.4, 4.1, 4.3, 4.4 |
| 2012-2013 | എൽ.എഫ്.റ്റി.ഡി.ജി.പി-7/2549/ 2014 തീയതി.23-12-2014 | 11 | 2.1(എ), 2.1(ബി), 3.1,3.2, 3.3, 3.5, 3.7, 3.8, 3.9, 3.12, 4.1 |
| 2013-2014 | കെ.എസ്. എ.റ്റി.വി.എം.ജി.പി.7 /1097/2015 തീയതി 19-10-2015 | 11 | 2.1, 3.1, 3.2,3.3, 3.4,3.5, 3.6, 3.7, 3.8, 3.9, 3.10 |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.ജി.പി.7/<br>1379/16 തീയതി- | | ഖ 2.1, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8,3.9, 3.10 |

ഡെപ്യൂട്ടി ഡയറക്ടർ

ഒപ്പ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

*ബിഎൽ 18.11.2016*

അനുബന്ധം -1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടവ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1) ബിൽഡിംഗ് പെർമിറ്റ് അപേക്ഷാഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവ AFS ഉം രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

2) ബിൽഡിംഗ് ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്റർ പ്രകാരമുള്ളതും അക്കൗണ്ട്സിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ആസ്തികളുടെ വിവരം AFS ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല.

ഒപ്പ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്